11 (*217) കേരസംരക്ഷണ സമിതികളുടെ രൂപീകരണം

ശ്രീമതി എൻ.കെ. രാധ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്രനാളീകേര വികസനത്തിനായി സംസ്ഥാനത്ത് വാർഡുതല കേര സംരക്ഷണ സമിതികൾ രൂപീകരിച്ചുവോ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് വാർഡുതല കേരസംരക്ഷണ സമിതികൾ രൂപീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) വാർഡുതല കേര സംരക്ഷണ സമിതിക്ക് സർക്കാർ എന്തെങ്കിലും സഹായങ്ങൾ ചെയ്തു വരുന്നുണ്ടോ; എങ്കിൽ എന്തെല്ലാം സഹായങ്ങളാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) വാർഡുതല കേരസംരക്ഷണ സമിതികൾക്ക് സഹായം നൽകുന്നതിലേയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം സഹായങ്ങളാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് വാർഡുതല കേര സംരക്ഷണ സമിതികളുടെ പ്രവർത്തന ഫലമായി നാളീകേര കൃഷിയും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് വാർഡുതല കേരസംരക്ഷണ സമിതികൾക്ക് നൽകിവരുന്ന സഹായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ വാർഡുകളിലും കേര സംരക്ഷണ സമിതികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രത്യേക ധനസഹായമൊന്നും നൽകുന്നില്ല.

(ഡി) ഇല്ല.

(ഇ) വിവിധ കേര വികസന പദ്ധതികൾ ഏകോപിപ്പിച്ച് കർഷകരിൽ യഥാസമയം എത്തിക്കുകവഴി നാളീകേര കൃഷിയുടെ വിസ്തീർണ്ണത്തിലും ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും വർദ്ധനവുണ്ടാക്കുന്നതിന് കേര കർഷക സമിതികൾ സഹായിക്കുന്നു. വർദ്ധനവ് താഴെ പറയുന്ന കണക്കുകൾ വ്യക്തമാക്കുന്നു.

വർഷം	വിസ്തീർണ്ണം (ഹെക്ടർ)	ഉൽപ്പാദനം മില്യൺ തേങ്ങ
1995-96	914370	5155
1996-97	902104	5276
1997-98	1020285	5911

(എഫ്) തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly